പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 201

# 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബിൽ

(ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 201

# 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബിൽ

(ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

540/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 201

# 2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ബിൽ

(ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ. നോട്ടീസ് നൽകിയത്)

മരമടിയെന്ന കാർഷികാഘോഷം നിലനിർത്തി സംരക്ഷിക്കുന്നതിനും

അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ

വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിന്റെ കാർഷിക സംസ്കാരം സവിശേഷതകളാൽ സമ്പന്നമാണ്. പ്രകൃതിയും മനുഷ്യനും വളർത്തു മൃഗങ്ങളും ഈ കാർഷിക സംസ്കാരത്തിന്റെ അഭിവാജ്യ ഘടകങ്ങളാണ്. കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി രൂപം കൊണ്ടിട്ടുള്ള കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങൾ, ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവ പ്രകൃതിയുമായും വളർത്തു മൃഗങ്ങളുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നെൽകൃഷിയുടെ ഭാഗമായി നിലമുഴുത് കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനായി പ്രാചീനകാലം മുതൽ കാളകളും പോത്തുകളും ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ഇവയെ സ്നേഹിക്കുകയും അവയുടെ മഹത്വവും പ്രവർത്തന മികവും ആദരവോടെയും അംഗീകരിക്കുകയും ചെയ്യുന്നതിനായി മരമടി എന്ന കാർഷിക പ്രവൃത്തി ഒരു ആഘോഷമായും മത്സരമായും നടന്നുവന്നിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ഉരുക്കളെ ഈ ആഘോഷത്തിനായി ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തപ്പെട്ടു. ഈ സാഹചര്യത്തിൽ കേരളത്തിന്റെ സവിശേഷ കാർഷിക സംസ്കാരത്തിന്റെ അഭിവാജ്യ ഘടകമായ മരമടി ഉത്സവം സംരക്ഷിച്ച് നിലനിർത്തുന്നതിനും അതിനുവേണ്ട നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനു വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കേണ്ടത് യുക്തമായിരിക്കുകയാകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം ഒരു നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് "2024-ലെ കേരള മരമടി കാർഷികാഘോഷ സംരക്ഷണവും ക്രമപ്പെടുത്തലും ആക്റ്റ് "എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "മരമടി" എന്നാൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നെൽകൃഷി നടത്തുന്ന പാടങ്ങളിൽ നിലം ഉഴുതുമറിക്കുന്നതിന് ഉപയോഗിക്കുന്ന കാള, പോത്ത് തുടങ്ങിയ വളർത്തുമൃഗങ്ങളെ ഉൾപ്പെടുത്തി ആഘോഷമായും മത്സരമായും നടത്തിവരുന്ന ഒരു വിനോദം എന്നർത്ഥമാകുന്നു;

(സി) "ഉരുക്കൾ" എന്നാൽ നിലമുഴാനായി ഉപയോഗിക്കുന്ന പോത്ത്, കാള എന്നീ വളർത്തുമൃഗങ്ങൾ എന്നർത്ഥമാകുന്നു;

(ഡി)"ഏല" എന്നാൽ കാലാകാലങ്ങളായി നെൽകൃഷി നടന്നുവരുന്നതോ വന്നിരുന്നതോ ആയ വയലുകൾ/പാടശേഖരങ്ങൾ എന്നർത്ഥമാകുന്നു;

(ഇ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു;

(എഫ്) "അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അതോറിറ്റി എന്നർത്ഥമാകുന്നു;

(ജി) "തദ്ദേശാധികാര സ്ഥാപനങ്ങൾ" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് /മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(എച്ച്) "ജില്ലാ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(ഐ) "മുനിസിപ്പാലിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ/മുനിസിപ്പൽ കൗൺസിൽ/ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ജെ) "ഗ്രാമ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(കെ) "കളക്ടർ " എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(എൽ) "ജില്ലാതല അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 5- ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല അതോറിറ്റി എന്നർത്ഥമാകുന്നു;

(എം) "ജില്ലാ വെറ്ററിനറി ഓഫീസർ" എന്നാൽ ജില്ലയിൽ മുഴുവൻ അധികാര പരിധിയുള്ള മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എൻ) "വകുപ്പ് " എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(പി) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

3. <u>സംസ്ഥാനതല മരമടി കാർഷികാഘോഷ സംരക്ഷണ അതോറിറ്റി രൂപീകരണവും ഘടനയും</u>.—(1) ഈ ആക്റ്റ് നിലവിൽ വന്നതിന് ശേഷം എത്രയും വേഗം നിയമം നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന പ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള സംസ്ഥാനതല മരമടി കാർഷികാഘോഷ സംരക്ഷണ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാനതല മരമടി കാർഷികാഘോഷ സംരക്ഷണ അതോറിറ്റിയിൽ മൃഗസംരക്ഷണവകുപ്പുമന്ത്രി അദ്ധ്യക്ഷനും താഴെപ്പറയുന്നവർ അംഗങ്ങളുമായിരിക്കേണ്ടതുമാണ് :

(എ) കൃഷിവകുപ്പ് മന്ത്രി;

(ബി) മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ;

(സി) കൃഷിവകുപ്പ് ഡയറക്ടർ;

(ഡി) കൃഷി, മൃഗസംരക്ഷണ വകുപ്പുകളിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഓരോ ഉദ്യോഗസ്ഥർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കാർഷികമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന രണ്ട് പൊതു പ്രവർത്തകർ.

4. <u>സംസ്ഥാനതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(1) ജില്ലാതലത്തിലുള്ള അതോറിറ്റികളുടെ രൂപീകരണവും അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും;

(2) ഈ ആക്റ്റിന്റെ അടിസ്ഥാനത്തിലുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുക;

(3) ഓരോ ജില്ലയിലും പരമ്പരാഗതമായി മരമടി കാർഷികാഘോഷം നടന്നു വരുന്ന ഏലകൾ നിശ്ചയിക്കുക;

(4) ജില്ലാകളക്ടറുടെ ഉത്തരവ് മൂലം മരമടി ആഘോഷത്തിന് അനുമതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ അപേക്ഷകരിൽനിന്നും അപ്പീൽ സ്വീകരിച്ച് വസ്തുതകൾ പരിശോധനാവിധേയമാക്കി അപ്പീൽ പരാതി തീർപ്പാക്കൽ.

5. <u>ജില്ലാതല അതോറിറ്റിയുടെ രൂപീകരണവും ഘടനയും</u>.—(1) സർക്കാർ വിജ്ഞാപനം വഴി ഈ ആക്റ്റ് നിലവിൽവന്നതിന് ശേഷം എത്രയുംവേഗം സംസ്ഥാനത്തെ ഓരോ ജില്ലക്കു വേണ്ടിയും നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാതല അതോറിറ്റിയിലും താഴെപ്പറയുന്ന പ്രകാരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :

(എ) ജില്ലാ കളക്ടർ;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ;

(സി) ജില്ലയിൽ നിന്നുള്ള നിയമസഭാ സമാജികർ;

(ഡി) ജില്ലാ വെറ്ററിനറി ഓഫീസർ ;

(ഇ) പ്രിൻസിപ്പിൽ ജില്ലാകൃഷിഓഫീസർ.

(3) ജില്ലാ കളക്ടർ ജില്ലാതല അതോറിറ്റിയുടെ ചെയർമാനും ജില്ലാവെറ്ററിനറി ഓഫീസർ കൺവീനറുമായിരിക്കുന്നതാണ്.

6. <u>ജില്ലാതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.— ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്:

(എ) ജില്ലാ കളക്ടറുടെ അധികാരപരിധിയിൽവരുന്ന പ്രദേശത്ത് പരമ്പരാഗതമായി മരമടി ആഘോഷം നടന്നുവരുന്ന ഏലകളെ കണ്ടെത്തുക;

(ബി) മരമടി ആഘോഷവുമായി ബന്ധപ്പെട്ട് പ്രാദേശികമായി മരമടി ആഘോഷം നടത്തുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് തീർപ്പാക്കുക;

(സി) മരമടി ആഘോഷത്തിൽ പങ്കെടുക്കുന്ന ഉരുക്കളുടെയും മത്സരാർത്ഥികളുടെയും ആരോഗ്യപരമായ ഫിറ്റ്നസ് ഉറപ്പാക്കുക;

(ഡി) മരമടി മത്സരം നടക്കുന്ന പാടത്തിന്റെ നാലുവശത്തും ശക്തമായ സുരക്ഷാവേലി നിർമ്മിച്ച് സുരക്ഷിതമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക;

(ഇ) മത്സരത്തിൽ പങ്കെടുക്കുന്ന ഉരുക്കൾ രോഗബാധിതരല്ലെന്നും നിക്കോട്ടിൻ, കൊക്കയിൻ തുടങ്ങി യാതൊരുതരത്തിലുള്ള ലഹരി വസ്തുക്കളും മത്സരത്തിൽ പങ്കെടുക്കുന്ന ഉരുക്കൾക്ക് നൽകിയിട്ടില്ലെന്നും ഉറപ്പാക്കുക;

(എഫ്) മരമടി മത്സരത്തിൽ പങ്കെടുക്കുന്ന ഉരുക്കളുടെ മേൽ യാതൊരുവിധമായ പീഡനങ്ങളും മത്സരത്തിനിടയിൽ ഏൽപ്പിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക;

(ജി) മരമടി മത്സരം നടക്കുന്ന സ്ഥലത്ത് വെറ്ററിനറി ഡോക്ടർ ഉൾപ്പെടെയുള്ള മൃഗചികിത്സാവകുപ്പിന്റെ സാന്നിധ്യം ഉറപ്പാക്കുക;

(എച്ച്) മത്സരത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ആയതിലേയ്ക്കായി മുൻകൂട്ടി അനുമതി നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക;

(ഐ) മത്സരം നടക്കുന്ന പാടത്തിന് ചുറ്റും നിർമ്മിക്കുന്ന ഗാലറിയും വേലിയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തുക;

(ജെ) മത്സരവുമായി ബന്ധപ്പെട്ട് ആംബുലൻസ് സൗകര്യം ഉൾപ്പെടെയുള്ള വൈദ്യസഹായം ഉറപ്പുവരുത്തുക;

(കെ) മത്സരവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(എൽ) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(എം) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെകുറിച്ച് ഉപദേശം നൽകുക;

(എൻ) മത്സരവുമായി ബന്ധപ്പെട്ട് ഫീസുകളും പിഴകളും നിശ്ചയിക്കുക.

7. പ്രാദേശികതല സംഘാടകസമിതിയുടെ രൂപീകരണം.—(1)മരമടി കാർഷികോത്സവം പരമ്പരാഗതമായി നടന്നുവരുന്ന ഗ്രാമപഞ്ചായത്തുകളിൽ മരമടിമത്സരം സംഘടിപ്പിക്കുന്നതിന് താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്:

(എ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/ ചെയർ പേഴ്സൺ/ മുനിസിപ്പൽ കോർപ്പറേഷൻ മേയർ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി;

(സി) പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസർമാർ;

(ഡി) പ്രസ്തുത പ്രദേശത്തെ കൃഷി ഓഫീസർമാർ;

(ഇ) പ്രസ്തുത പ്രദേശത്തെ വെറ്ററിനറി ആശുപത്രിയിലെ ഡോക്ടർമാർ;

(എഫ്) പ്രദേശത്തെ തദ്ദേശസ്വയംഭരണ അധികാര സ്ഥാപനത്തിലെ ഭരണ സമിതി നിശ്ചയിക്കുന്ന 3 പൊതു പ്രവർത്തകർ;

(ജി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങളിൽനിന്നും ഭരണ സമിതി നിർദ്ദേശിക്കുന്ന 3 അംഗങ്ങൾ.

(2) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ചെയർപേഴ്സൺ/ ചെയർമാൻ/മേയർ അതത് സംഗതിപോലെ സമിതിയുടെ ചെയർമാനായിരിക്കേണ്ടതും പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി അതത് സംഗതിപോലെ കൺവീനറായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും, സമയത്തും അതോറിറ്റിയുടെ യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരം ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

8. <u>പ്രാദേശികതല സംഘാടകസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) പ്രാദേശികതലത്തിൽ മരമടി കാർഷികോത്സവം നടത്തുന്ന ഏലകൾ നിശ്ചയിക്കുകയും സുരക്ഷിതമായും നീതിയുക്തമായ നിലയിലും മരമടി മത്സരത്തിന്റെ മേൽനോട്ടവും നിയന്ത്രണവും നിർവ്വഹിക്കേണ്ടതും താഴെപ്പറയുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്:

(എ) സുരക്ഷിതമായി മരമടി മത്സരം നടത്തുന്നതിനുള്ള എല്ലാവിധ സംവിധാനങ്ങളും ഒരുക്കുക;

(ബി) മരമടി കാർഷികാഘോഷം നടത്തുന്നതിനാവശ്യമായ രേഖാമൂലമുള്ള അപേക്ഷ ജില്ലാതല അതോറിറ്റിക്ക് സമർപ്പിക്കുക;

(സി) മരമടി മത്സരത്തിൽ പങ്കെടുക്കുന്ന ഉരുക്കളുടെ ഉടമകളുടെ അപേക്ഷ ശിപാർശ സഹിതം അനുമതിയ്ക്കായി ജില്ലാതല അതോറിറ്റിക്ക് സമർപ്പിക്കുക;

(ഡി) മരമടി മത്സരം നടത്തുന്നതിനനുയോജ്യമായ ഏലയും പാടവും നിശ്ചയിക്കുക;

(ഇ) മരമടി മത്സരത്തിൽ പങ്കെടുക്കുന്ന ഉരുക്കൾക്കും മനുഷ്യർക്കും യാതൊരുവിധ അപകടങ്ങളും ഉണ്ടാകാത്ത വിധം സുരക്ഷിതമായി മത്സരം നടത്തുക;

(എഫ്) മരമടി മത്സരത്തിൽ പങ്കെടുക്കുന്ന ഉരുക്കൾക്ക് എന്തെങ്കിലും വിധത്തിലുള്ള അപകടം സംഭവിക്കുന്ന സാഹചര്യത്തിൽ അടിയന്തിര മൃഗചികിത്സയ്ക്കുള്ള സംവിധാനം ഉറപ്പാക്കുക;

(ജി) മരമടി മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് ഏതെങ്കിലും വിധത്തിലുള്ള അപകടം സംഭവിച്ചാൽ അടിയന്തര ചികിത്സയും ആംബുലൻസ് സൗകര്യവും ഉറപ്പാക്കുക.

9. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ ജില്ലാതല അതോറിറ്റിയുടെയോ, പ്രാദേശികതല സംഘാടകസമിതിയുടെയോ പ്രവൃത്തികൾ അസാധുവാക്കാവുന്നതല്ല.—(1) ജില്ലാതല അതോറിറ്റിയോ, പ്രാദേശികതല സംഘാടകസമിതിയോ ചെയ്ത ഏതൊരു പ്രവൃത്തിയോ എടുത്ത ഏതൊരു നടപടിയോ.

(2) മേൽപ്പറഞ്ഞ കമ്മിറ്റികളിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയോ.

വിഷയത്തിന്റെ മൂല്യത്തെ ബാധിയ്ക്കാത്ത മേൽപ്പറഞ്ഞ കമ്മിറ്റികളുടെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെ അടിസ്ഥാനത്തിൽ അസാധുവാകുന്നതല്ല.

10. ഒഴിവുകൾ.—(1) അതത് സംഗതി പോലെ ജില്ലാതല അതോറിറ്റിയിലോ, പ്രാദേശികതല സംഘാടകസമിതിയിലോ ഉണ്ടാകുന്ന ഏതൊരൊഴിവും കഴിയുന്നതും വേഗം നാമനിർദ്ദേശമായി അതത് സംഗതി പോലെ ജില്ലാ കളക്ടറോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാര സമിതിയോ നികത്തേണ്ടതാണ്.

(2) ആകസ്മിക ഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ അയാൾ, ഏതംഗത്തിന്റെ സ്ഥാനത്തേയ്ക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത് ആ അംഗത്തിന് തുടരാൻ കഴിയുന്ന കാലാവധി വരെ തുടരാവുന്നതാണ്.

11. ആക്റ്റിന്റെ ലംഘനവും ശിക്ഷയും.—(1) ഈ ആക്റ്റോ അതിൻ പ്രകാരമുള്ള ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും കുറ്റസ്ഥാപനത്തിൻ മേൽ മൂന്ന് വർഷം വരെ ആകാവുന്ന തടവുശിക്ഷയോ ഒരു ലക്ഷം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ, ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും 1,000 രൂപ വരെയാകാവുന്ന അധികമായ പിഴ ശിക്ഷയും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(2) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തിയ്ക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്റ്റിലെ യാതൊന്നും തടസ്സമാകുന്നില്ല.

(4) ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, ചെയർമാൻ/കൺവീനർ എന്നിവരുടെ പരാതിയിൻ മേൽ ഈ കാര്യത്തിൽ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടത്തക്കതായ ഏതൊരു കുറ്റവും കോടതിയ്ക്ക് വിചാരണയ്ക്ക് എടുക്കാവുന്നതാണ്.

12. <u>നിയമഭേദഗതിയും ചട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യൽ</u>.—(1) പ്രസ്തുത ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം എത്രയും വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അതിനെ മാറ്റം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടാവുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു.

13. <u>പരിശോധനയ്ക്ക് സർക്കാരിനുള്ള അധികാരം</u>.—ഈ ആക്റ്റിൻ കീഴിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ഒരു ജില്ലാതല അതോറിറ്റിയോ, പ്രാദേശികതല സംഘാടകസമിതിയോ എടുക്കുന്ന ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും ഫയൽ പരിശോധിക്കുന്നതിനും അതിൻമേൽ ജില്ലതല അതോറിറ്റി ചെയർമാനുമേൽ നടപടി സ്വീകരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. മറ്റു നിയമങ്ങളിൻമേലുള്ള അതിപ്രഭാവം.—ഈ അക്റ്റിലേയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ, സർക്കാരിന് പ്രസ്തുത ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഉറപ്പ് വരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

15. അപ്പീൽ.—(1)ഈ ആക്റ്റിൻകീഴിലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടപ്രകാരമോ പ്രാദേശികതല സംഘാടക സമിതി പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിൻമേലോ എടുത്ത തീരുമാനത്തിൻ മേലോ ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ച് 15 ദിവസത്തിനകം ജില്ലാതല അതോറിറ്റിയുടെ ചെയർമാന് അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കിട്ടിയ ഏതൊരപ്പീലും അപ്പീൽ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതും അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

16. ആക്റ്റിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1)ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത യാതൊരുകാര്യവും ചെയ്യാവുന്നതാണ്. എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം യാതൊരു ഉത്തരവും ഈ വകുപ്പിന് കീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും അതുണ്ടാക്കിയതിന് ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിന്റെ കാർഷിക സംസ്കാരം സവിശേഷതകളാൽ സമ്പന്നമാണ്. പ്രകൃതിയും മനുഷ്യനും വളർത്തു മൃഗങ്ങളും ഈ കാർഷിക സംസ്കാരത്തിന്റെ അഭിവാജ്യ ഘടകങ്ങളാണ്. കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെ ഭാഗമായി രൂപം കൊണ്ടിട്ടുള്ള കാർഷിക, കാർഷികാനുബന്ധ പ്രവർത്തനങ്ങൾ. ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവ പ്രകൃതിയുമായും വളർത്തു മൃഗങ്ങളുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. നെൽകൃഷിയുടെ ഭാഗമായി നിലമുഴുത് കൃഷിക്ക് ഉപയുക്തമാക്കുന്നതിനായി

ചരിത്രാതീതകാലം മുതൽ കാളകളും പോത്തുകളും ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ഇവയെ സ്നേഹിക്കുകയും അവയുടെ മഹത്വവും പ്രവർത്തന മികവും ആദരവോടെയും അംഗീകരിക്കുകയും ചെയ്യുന്നതിനായി മരമടി എന്ന കാർഷിക പ്രവൃത്തി ഒരു ആഘോഷമായും മത്സരമായും നടന്നുവന്നിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ഉരുക്കളെ ഈ ആഘോഷത്തിനായി ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തപ്പെട്ടു. ഈ സാഹചര്യത്തിൽ കേരളത്തിന്റെ സവിശേഷ കാർഷിക സംസ്കാരത്തിന്റെ അഭിവാജ്യ ഘടകമായ മരമടി ഉത്സവം സംരക്ഷിച്ച് നിലനിർത്തുന്നതിനും അതിനുവേണ്ട നടപടിക്രമങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾപ്രകാരം അതോറിറ്റി നിലവിൽ വരുകയും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ മാത്രമേ വേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും പ്രാരംഭ ചെലവുകൾക്ക് 50 ലക്ഷം രൂപ സഞ്ചിത നിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ നിയമം അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുവാനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജി. എസ്. ജയലാൽ, എം.എൽ.എ.